# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| ജനുവരി 20<br>January 20 | 2020 |
|---|---|

**1193 മകരം 6 തിങ്കൾ**

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

**ലൈഫ് ജില്ലാതല കുടുംബ സംഗമവും 4000 വീടുകളുടെ പൂർത്തീകരണ പ്രഖ്യാപനവും നടത്തി:**

**സുസ്ഥിര ജീവിത നിലവാരത്തിനുള്ള സഹായമാണ് സർക്കാർ ലക്ഷ്യമിടുന്നത്: മന്ത്രി കെ. രാജു**

ലൈഫ് ഗുണഭോക്താക്കളുടെ സുസ്ഥിര ജീവിത നിലവാരത്തിനുള്ള സഹായമാണു ലൈഫ് കുടുംബ സംഗമത്തിലൂടെ സർക്കാർ ലക്ഷ്യമിടുന്നതെന്നു വനം,ക്ഷീരവികസന വകുപ്പ് മന്ത്രി അഡ്വ.കെ.രാജു പറഞ്ഞു. പത്തനംതിട്ട പ്രമാടം രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന ലൈഫ് മിഷൻ ഗുണഭോക്താക്കളുടെ ജില്ലാതല കുടുംബ സംഗമവും 4000 വീടുകളുടെ പൂർത്തീകരണ പ്രഖ്യാപനവും ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ലൈഫ് പദ്ധതിയുടെ മൂന്നു ഘട്ടങ്ങളിലായി സമ്പൂർണ പാർപ്പിട സൗകര്യമൊരുക്കുക എന്നതാണു സർക്കാരിന്റെ ലക്ഷ്യം. ഇതിന്റെ ഭാഗമായി 4008 വീടുകൾ ലൈഫ് മിഷൻ വഴി ജില്ലയിൽ നിർമ്മിച്ചു നൽകി. ലൈഫ് മിഷന്റെ ആദ്യഘട്ടത്തിൽ 98.4 ശതമാനവും വിജയം കൈവരിക്കാൻ സാധിച്ചു. ര ാം ഘട്ടത്തിൽ 78 ശതമാനവും പൂർത്തികരിച്ചു. കല്ലട ഇറിഗേഷൻ പ്രോജക്ടുകളുടെ ഒൻപതു സ്ഥലങ്ങളും പമ്പാ ഇറിഗേഷൻ പ്രോജക്ടുകളുടെ ആറു സ്ഥലങ്ങളും റവന്യൂ വകുപ്പുവക ഒൻപതു സ്ഥലങ്ങളും വിദ്യാഭ്യാസ വകുപ്പിന്റെ ഏക

സ്ഥലവും പൊതുമരാമത്ത് വകുപ്പ് വക ര ു സ്ഥലങ്ങളും കൂടി ഭവന സമുച്ചയത്തിനായി കെ ത്തിയിട്ടു ്. ബാക്കി വീടുകളുടെ നിർമാണം എത്രയും വേഗത്തിൽ പൂർത്തിയാക്കുമെന്നും മന്ത്രി പറഞ്ഞു. സർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന ചെറുതും വലുതുമായ എല്ലാ പദ്ധതിക്കളും സമയബന്ധിതമായി പൂർത്തീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ലൈഫ് പദ്ധതിയുടെ ഒന്നും ര ും ഘട്ടത്തിൽ മികച്ച പ്രകടനം കാഴ്ച്ചവച്ച ഗ്രാമ പഞ്ചായത്തുകൾക്കു ചിറ്റയം ഗോപകുമാർ എം.എൽ.എയും മികച്ച പ്രകടനം കാഴ്ചവച്ച ബ്ലോക്കുകൾക്ക് വീണാ ജോർജ് എം.എൽ.എ യും ഉപഹാരം നൽകി ആദരിച്ചു. മികച്ച രീതിയിൽ പദ്ധതി നിർവഹണം നടത്തിയ ഉദ്യോഗസ്ഥർക്ക് അഡ്വ.കെ.യു ജനീഷ് കുമാർ എം.എൽ.എയും നഗരസഭകൾക്ക് ജില്ലാ കളക്ടർ പി.ബി നൂഹും ഉപഹാരങ്ങൾ സമ്മാനിച്ചു.

അഡ്വ.കെ.യു ജനീഷ് കുമാർ എം.എൽ.എ അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ കളക്ടർ പി.ബി നൂഹ് റിപ്പോർട്ട് അവതരിപ്പിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, പന്തളം നഗരസഭാ ചെയർപേഴ്സൺ ടി.കെ സതി, പന്തളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രേഖാ അനിൽ, കോന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കോന്നിയൂർ പി.കെ, ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജെറി മാത്യു സാം, കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ.ആർ.കൃഷ്ണകുമാർ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജോർജ് മാമ്മൻ കൊ ൂർ, ജില്ലാ വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ എലിസബത്ത് അബു, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ലീലാ മോഹൻ, പ്രമാടം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് റോബിൻ പീറ്റർ, നാറാണംമൂഴി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മോഹൻ രാജ് ജേക്കബ്, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ ബിനി ലാൽ, ആർ.ബി രാജീവ് കുമാർ, രാഷ്ട്രീയ പാർട്ടി പ്രതിനിധികളായ എ.പി ജയൻ, വിക്ടർ ടി.തോമസ്, ജില്ലാ പഞ്ചായത്ത് സെക്രട്ടറി ജോൺസൺ പ്രേംകുമാർ, ലൈഫ് മിഷൻ ജില്ലാ കോർഡിനേറ്റർ സി.പി സുനിൽ, പ്രൊജക്ട് ഡയറക്ടർ എൻ.ഹരി തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 342/2020)

## ജില്ലയിലെ ലൈഫ് മിഷന്റെ പ്രവർത്തനം മാതൃകാപരം: കെ.യു ജനീഷ്കുമാർ എം.എൽ.എ

ജില്ലയിലെ ലൈഫ് മിഷന്റെ പ്രവർത്തനം മാതൃകാപരമാണെന്ന് അഡ്വ.കെ.യു ജനീഷ് കുമാർ എം.എൽ.എ പറഞ്ഞു. പ്രമാടം രാജീവ്ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ ജില്ലാതല ലൈഫ് മിഷൻ കുടുംബസംഗമത്തിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ലൈഫ് മിഷനിലൂടെ മൂന്നു ഘട്ടമായി ഗുണഭോക്താക്കൾക്ക് വീട് നിർമിച്ചു നൽകാൻ സാധിച്ചു. ഒന്നാം ഘട്ടത്തിന്റെ ഭാഗമായി പണി പൂർത്തിയാക്കാത്ത വീടുകളുടെ പണി പൂർത്തീകരിച്ചു. ര ാം ഘട്ടത്തിന്റെ ഭാഗമായി സ്ഥലമുള്ളവർക്കു വീട് നിർമിച്ചു നൽകി. ജില്ലയിൽ ലൈഫ് മിഷന്റെ ര ാം ഘട്ടം വീടു നിർമാണം 80 ശതമാനം പൂർത്തിയായി. സ്ഥലവും വീടുമില്ലാത്തവർക്കു സ്ഥലവും വീടും നൽകുന്ന മൂന്നാം ഘട്ടവും നല്ല നിലയിൽ മുന്നോട്ടു പോകുന്നുെ ന്ന് അദ്ദേഹം പറഞ്ഞു.

(പിഎൻപി 343/2020)

## ഭവനരഹിതരെ സംരക്ഷിക്കുക എന്നതാണ് സർക്കാർ ലക്ഷ്യം: ചിറ്റയം ഗോപകുമാർ എം.എൽ.എ

സംസ്ഥാനത്തെ ഭവനരഹിതരായ എല്ലാ പാവപ്പെട്ട കുടുംബങ്ങളെയും സംരക്ഷിക്കുക എന്നതാണ് ഈ സർക്കാരിന്റെ ലക്ഷ്യം എന്ന് ചിറ്റയം ഗോപകുമാർ എം.എൽ.എ പറഞ്ഞു. പ്രമാടം രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ ഭവന പദ്ധതിയായ ലൈഫ് മിഷൻ ഗുണഭോക്താക്കളുടെ ജില്ലാതല സംഗമത്തിൽ ലൈഫ് മിഷന്റെ ഒന്നും ര ും ഘട്ടത്തിൽ മികച്ച പ്രകടനം കാഴ്ച്ചവച്ച ഗ്രാമപഞ്ചായത്തുകൾക്ക് ഉപ ഹാരം സമ്മാനിച്ച് സംസാരിക്കുകയാരുന്നു അദ്ദേഹം.

സംസ്ഥാന സർക്കാർ അധികാരത്തിൽ വന്ന മൂന്നു വർഷ കാലയളവിനുള്ളിൽ വിപ്ലവകരമായ വികസനമാണു നടപ്പാക്കിയിട്ടുള്ളത്. ഇതു നിറവേറ്റാൻ ഇച്ഛാ ശക്തിയുള്ള സർക്കാരാണ് അധികാരത്തിലുള്ളത്. തദ്ദേശ സ്ഥാപനങ്ങളുടെയും ജനപ്രധിനിധികളുടെയും കൂട്ടായ പരിശ്രമമാണ് ഈ പദ്ധതിയുടെ വിജയത്തിനു വഴിയൊരുക്കിയതെന്നും എം.എൽ.എ പറഞ്ഞു.

(പിഎൻപി 344/2020)

## ലൈഫ് മിഷൻ കാര്യക്ഷമമായി നടപ്പാക്കാൻ സർക്കാരിന് കഴിഞ്ഞു: വീണാ ജോർജ് എം.എൽ.എ

അർഹതപ്പെട്ടവർക്ക് വീട് നിർമ്മിച്ചുനൽകുക എന്ന ശ്രമകരമായ ദൗത്യം ലൈഫ് മിഷനിലൂടെ സംസ്ഥാന സർക്കാരിന് വിജയകരമായി പൂർത്തീകരിക്കാൻ കഴിഞ്ഞത് ഏറ്റവും അഭിമാനമാനകരമാണെന്നു വീണാ ജോർജ് എം.എൽ.എ പറഞ്ഞു. ലൈഫ് പദ്ധതി ഒന്നാം ഘട്ടത്തിൽ ജില്ലയിൽ മികച്ച പ്രകടനം കാഴ്ചവച്ച ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള ഉപഹാരം സമർപ്പിച്ചു സംസാരിക്കുകയായിരുന്നു എം.എൽ.എ. ലൈഫ് മിഷൻ ഒന്നും ര ും ഘട്ടം പൂർത്തിയാക്കുന്നതിനു നിർണായ പങ്ക് വഹിച്ച മുഴുവൻ ഉദ്യോഗസ്ഥരെയും ജനപ്രതിനിധികളെയും അനുമോദിക്കുന്നതായും വീണാ ജോർജ് എം.എൽ.എ പറഞ്ഞു.

(പിഎൻപി 345/2020)

## ലൈഫ് മിഷൻ മൂന്നാം ഘട്ടത്തിൽ ജില്ലയിൽ 2110 കുടുംബങ്ങളെ പുനരധിവസിപ്പിക്കും: ജില്ലാ കളക്ടർ

ലൈഫ് മിഷൻ മൂന്നാം ഘട്ടത്തിൽ ജില്ലയിൽ ഭൂമിയും വീടും ഇല്ലാത്ത 2110 കുടും ബങ്ങളെ പുനരധിവസിപ്പിക്കുമെന്നു ജില്ലാ കളക്ടർ പി.ബി നൂഹ്. പ്രമാടം രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ ലൈഫ്മിഷൻ ഗുണഭോക്താക്കളുടെ ജില്ലാതല സംഗമവും വീടുകളുടെ പൂർത്തീകരണ പ്രഖ്യാപനത്തിലും റിപ്പോർട്ട് അവതരിപ്പിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ആധുനിക രീതിയിലുള്ള ഭവന സമുച്ചയങ്ങൾ നിർമിച്ചാണ് ഇവരെ പുനരധിവസിപ്പി ക്കുക. സംസ്ഥാനത്ത് ആദ്യമായി നിർമിക്കുന്ന 14 ഭവന സമുച്ചയങ്ങളിൽ ഒന്ന് പന്തളം നഗരസഭയിലാണ്. ആറു കോടിരൂപയിൽ അധികം ചെലവുവരുന്ന ഈ സമുച്ചയത്തിന്റെ ടെൻഡർ നടപടികൾ പൂർത്തിയായി. ശിലാസ്ഥാപനം ഉടൻ നടത്തും. ഭൂമിയും വീടും ഇല്ലാത്തവരുടെ പുനരധിവാസമാണു മൂന്നാം ഘട്ടത്തിൽ നടക്കുക. ഏഴംകുളം, കടമ്പനാട്,

മെഴുവേലി എന്നിവിടങ്ങളിൽ ഭവന സമുച്ചയം നിർമിക്കുന്നതിനു സർക്കാരിന്റെ ഭരണാനുമതി ലഭിച്ചു. പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ജില്ലയിൽ ഇതുവരെ ലൈഫ്മിഷന്റെ ഭാഗമായി 4008 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടു ്. ലൈഫ്മിഷൻ പദ്ധതി നിർവഹണത്തിന്റെ ആദ്യ ര ുഘട്ടങ്ങളിൽ പൂർത്തിയാകുമ്പോൾ സംസ്ഥാനതലത്തിൽ ജില്ല ര ാം സ്ഥാനത്താണ്. ലൈഫ് മിഷന്റെ ഒന്നാംഘട്ടമായി ജില്ലയിലെ 1188 വീടുകൾ പൂർത്തീകരിക്കാനുള്ളതിൽ 1169 വീടുകൾ പൂർത്തീകരിച്ചു (98.4ശതമാനം). ലൈഫ് മിഷൻ ര ാം ഘട്ടമായ ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നൽകുന്ന പദ്ധതിയിൽ 1905 വീടുകളുടെ നിർമാണം ആരംഭിക്കുകയും 1551 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തു(78 ശതമാനം). നഗരസഭകൾ മുഖേന നടപ്പാക്കുന്ന പി.എം.എ.വൈ-ലൈഫ് പദ്ധതിയിലൂടെ 670 വീടുകൾ പൂർത്തീകരിച്ചു. ബ്ലോക്ക് പഞ്ചായത്തുകളിലൂടെ നടപ്പാക്കുന്ന പി.എം.എ.വൈ - ലൈഫ് (ഗ്രാമീൺ) പദ്ധതിയിലൂടെ 619 വീടുകൾ പൂർത്തീകരിച്ചിട്ടു ന്നും കളക്ടർ പറഞ്ഞു. പി.എം.എ.വൈ-ലൈഫ് പദ്ധതിയിൽ മികച്ച പ്രകടനം കാഴ്ചവച്ച നഗരസഭകൾക്കുള്ള ഉപഹാര സമർപ്പണവും കളക്ടർ നിർവഹിച്ചു.

(പിഎൻപി 346/2020)

## പങ്കാളിത്തംകൊ ് ശ്രദ്ധേയമായ സദസ്

ലൈഫ് മിഷൻ ഗുണഭോക്താക്കളുടെ ജില്ലാതല സംഗമത്തിൽ ഗുണഭോക്താക്കളുടെയും വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരയും പങ്കാളിത്തംകൊ ് ശ്രദ്ധേയമായി. പ്രമാടം ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന കുടുംബ സംഗമത്തിൽ ജില്ലയിലെ ഓരോ പഞ്ചായത്തിലേയും വാർഡുകളിൽനിന്ന് തിരഞ്ഞെടുത്ത ഒരു ഗുണഭോക്താവിനെയും പഞ്ചായത്ത് തല ജന പ്രതിനിധികളെയും ഉദ്യോഗസ്ഥരെയുമാണു പരിപാടിയിൽ ക്ഷണിച്ചിരുന്നത്. ത്രിതല പഞ്ചായത്ത് പ്രതിനിധികളുടെയും വിവിധ രാഷ്ട്രീയ കക്ഷി പ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും പങ്കാളിത്തത്തോടെ നിറഞ്ഞ സദസായിരുന്നു ലൈഫ് കുടുംബ സംമത്തിന് എത്തിയത്.

(പിഎൻപി 347/2020)

## ശ്രദ്ധനേടി ഇൻഫർമേഷൻ ആന്റ് പബ്ലിക്കേഷൻ വകുപ്പിന്റെ ചിത്രപ്രദർശനം

ലൈഫ് മിഷൻ ഗുണഭോക്താക്കളുടെ ജില്ലാതല സംഗമത്തിൽ ഇൻഫർമേഷൻ ആന്റ് പബ്ലിക്കേഷൻ വകുപ്പ് ഒരുക്കിയ ഗുണഭോക്താക്കളുടെ ചിത്രങ്ങൾ അടങ്ങിയ പ്രദർശനം ശ്രദ്ധനേടി. പ്രമാടം രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ പ്രധാന വേദിക്ക് സമീപമായിട്ടാണ് പ്രദർശനം ഒരുക്കിയത്.

വനം വകുപ്പ് മന്ത്രി കെ.രാജു, എം.എൽ.എമാരായ ചിറ്റയം ഗോപകുമാർ, വീണാ ജോർജ്, കെ.യു ജനീഷ്കുമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, ജില്ലാ കളക്ടർ പി.ബി നൂഹ് തുടങ്ങിയവരും പ്രദർശനത്തിന് എത്തിയിരുന്നു. ലൈഫ് മിഷനിലൂടെ ലഭിച്ച വീടുകളുടേയും ഗുണഭോക്താക്കളുടേയും വ്യത്യസ്തമായ ചിത്രങ്ങളാണ് പ്രദർശനത്തിൽ ഒരുക്കിയിരുന്നത്.

***ഫോട്ടോകൾ ഉ ്:- ലൈഫ് മിനിസ്റ്റർ:-***

പത്തനംതിട്ട പ്രമാടം രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന ലൈഫ് മിഷൻ ഗുണഭോക്താക്കളുടെ ജില്ലാതല കുടുംബ സംഗമവും 4000 വീടുകളുടെ പൂർത്തീകരണ പ്രഖ്യാപനവും മന്ത്രി അഡ്വ.കെ.രാജു ഉദ്ഘാടനം ചെയ്യുന്നു.

(പിഎൻപി 348/2020)

## കോട്ടാങ്ങൽ പടയണി; കെ.എസ്.ആർ.ടി.സി മല്ലപ്പള്ളി ഡിപ്പോയിൽ ര ു സർവീസുകൾ കൂടുതൽ അനുവദിക്കും

കോട്ടാങ്ങൽ ശ്രീമഹാ ഭദ്രകാളി ക്ഷേത്രത്തിലെ പടയണിയുടെ സർക്കാർതല ക്രമീകരണങ്ങൾ ചർച്ച ചെയ്യുന്നതിന് തിരുവല്ല റവന്യൂ ഡിവിഷണൽ ഓഫീസിൽ യോഗം ചേർന്നു. പടയണിയുടെ സുഗമമായ നടത്തിപ്പിനായി വിവിധ വകുപ്പുകളുടെ ഏകോപനം ആവശ്യമാണെന്നും കാര്യക്ഷമരായ ഏകോപനത്തിലൂടെ മാത്രമേ പടയണി ഉത്സവം കുറ്റമറ്റതാക്കാൻ കഴിയുകയുള്ളൂ എന്നും മല്ലപ്പള്ളി തഹസിൽദാർ ടി. മധുസുദനൻ നായർ പറഞ്ഞു.

ചാലാപ്പള്ളി-കോട്ടാങ്ങൽ-കുളത്തൂർ അമ്പലം റോഡിന്റെ നിർമ്മാണം നടക്കുന്നതിനാൽ പൊടിശല്യം രൂക്ഷമാണെന്നും റോഡിന്റെ വശങ്ങൾ ഇപ്പോൾ നല്ല ഉയരത്തിലായതിനാൽ സൈഡ് ഫില്ലിങ് അടിയന്തരമായി നടത്തണമെന്നും ഈ മാസം 29, 30, 31, ഫെബ്രുവരി ഒന്ന് തീയതികളിൽ അഗ്നിശമന സേന വിഭാഗം, മെഡിക്കൽ സേവനങ്ങൾ എന്നിവയുടെ സേവനം ഉറപ്പു വരുത്തണമെന്നു ക്ഷേത്ര ഭരണ സമിതി യോഗത്തെ അറിയിച്ചു. പൂത്തൂർ പടി മുതൽ കോട്ടാങ്ങൽ ദേശസേവിനി ഗ്രന്ഥശാല വരെ റോഡിന്റെ ഇരുവശങ്ങളിലും 31, ഫെബ്രുവരി ഒന്ന് തീയതികളിൽ പാർക്കിംഗ് നിരോധിക്കുന്നതിനു പെരുമ്പെട്ടി പോലീസ് നടപടി സ്വീകരിക്കും. 25ന് മുൻപ് റോഡിന്റെ ടാറിങ് പൂർത്തികരിച്ച് പൊടിശല്യം ഒഴിവാക്കുമെന്നു പൊതുമരാമത്ത് വകുപ്പ് യോഗത്തിൽ ഉറപ്പ് നൽകി. കോട്ടാങ്ങൽ വെള്ളാവൂർ പഞ്ചായത്ത് അതിർത്തിയിലുള്ള തൂക്കുപാലത്തിൽ കൂടുതൽ ആളുകൾ കയറി അപകടം ഉ ാകുന്നതു തടയണമെന്നും യോഗത്തിൽ ആവശ്യമുയർന്നു. കെ.എസ്.ആർ.ടി.സി മല്ലപ്പള്ളി ഡിപ്പോയിൽ നിന്നു ഭരണ സമിതിയുടെ ആവശ്യപ്രകാരം ര ു സർവീസുകൾ കൂടുതൽ അനുവദിക്കും. കെ.എസ്.ഇ.ബി വായ്പ്പൂർ സെക്ഷനിൽ നിന്ന് ആവശ്യമായ ക്രമീകരണങ്ങൾക്കായി ര ു പേരെ നിയോഗിക്കുന്നതിനും 29, 30, 31, ഒന്ന് തീയതികളിൽ മെഡിക്കൽ ടീമിനെ നിയോഗിക്കുന്നതിന് ആരോഗ്യ വകുപ്പും, ലഹരി വിരുദ്ധ മേഖലയായി പ്രഖ്യാപിക്കുന്നതിന് എക്സൈസ് വകുപ്പും ,കോട്ടാങ്ങൽ പഞ്ചായത്തിന്റെ എല്ലാ വിധ സഹകരണവും ഉ ാകുമെന്ന് പഞ്ചായത്ത് ഭരണ സമിതിയും, പൈപ്പ് ലൈനിന് ആവശ്യമായ നടപടികൾ സ്വികരിക്കുമെന്ന് വാട്ടർ അതോറിറ്റി അധികൃതരും യോഗത്തിൽ അറിയിച്ചു. മഹാഘോഷയാത്ര നടക്കുന്ന 31, ഒന്ന് തീയതികളിൽ പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഉച്ചയ്ക്കു ശേഷം അവധി ആയിരിക്കും. സർക്കാർ തലത്തിലുള്ള ക്രമീകരണങ്ങൾ ഏകോപിപ്പിക്കുന്നതിനു കോട്ടാങ്ങൽ വില്ലേജ് ഓഫീസറെ ചുമതലപ്പെടുത്തി. പ്ലാസ്റ്റിക്കിന്റെ ഉപയോഗം ഒഴിവാക്കണമെന്നു യോഗം നിർദേശം നൽകി.

സീനിയർ സൂപ്ര ് എസ്.രജീനയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കോട്ടാ പഞ്ചായത്ത് പ്രസിഡന്റ് ബിന്ദു ദേവരാജൻ, വൈസ് പ്രസിഡന്റ് മുഹമ്മദ് സലിം,

ബ്ലോക്ക് പഞ്ചായത്തംഗം കെ.സതീശ്, പഞ്ചായത്ത് അംഗങ്ങളായ ഇ.കെ അജി, ടി.എൻ വിജയൻ, ജോസി ഇലഞ്ഞിപ്പുറം, എബിൻ ബാബു, വില്ലേജ് ഓഫീസർ പി.ജി ബാലചന്ദ്രൻ ,ദേവസ്വം സെക്രട്ടറി ടി.സുനിൽ, പ്രസിഡന്റ് സുനിൽ വെള്ളിക്കര, സുരേഷ് മംത്തിൽ, രാജീവ്, കെ. ആർ കരുണാകരൻ നായർ, വിശ്വം പിള്ള, അനീഷ് ചുങ്കപ്പാറ എന്നിവർ പങ്കെടുത്തു.

പടയണി മീറ്റിംഗ്:-

തിരുവല്ല റവന്യൂ ഡിവിഷണൽ ഓഫീസിൽ യോഗം ചേർന്ന കോട്ടാങ്ങൽ ശ്രീമഹാ ഭദ്രകാളി ക്ഷേത്രത്തിലെ പടയണിയുടെ സർക്കാർതല ക്രമീകരണ യോഗം.

(പിഎൻപി 349/2020)

## ആർദ്രം ജനകീയ ക്യാമ്പയിൻ; ജില്ലാതല ഉദ്ഘാടനം 28 ന് മന്ത്രി കെ.രാജു നിർവഹിക്കും

ആർദ്രം ജനകീയ ക്യാമ്പയിന്റെയും, ആരോഗ്യ ജാഗ്രത 2020-ന്റെയും ജില്ലാതല ഉദ്ഘാടനം 28 ന് രാവിലെ 10 ന് പത്തനംതിട്ട മുൻസിപ്പൽ ഓപ്പൺ സ്റ്റേജിൽ വനം വകുപ്പ് മന്ത്രി കെ.രാജു നിർവഹിക്കും. ഉദ്ഘാടനത്തോടനുബന്ധിച്ച് രാവിലെ 8.30 ന് എല്ലാ വകുപ്പുകളുടെയും പൊതുജനങ്ങളുടെയും പൊതുസമൂഹത്തിന്റെയും പങ്കാളിത്തത്തോടെ കൂട്ടനടത്തവും ഉ ായിരിക്കുമെന്നു ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.

(പിഎൻപി 350/2020)

## ബാലികാദിനാചരണവും ബോധവത്ക്കരണ ക്ലാസും നടക്കും

വനിതാ ശിശു വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രമാടം നേതാജി ഹൈസ്കൂളിൽ ഈ മാസം 24 ന് രാവിലെ 10.30 മുതൽ 12.30 വരെ ബാലികാദിനാചരണം നടക്കും. ദിനാചരണത്തിന്റെ ഭാഗമായി പെൺകുട്ടിയുടെ അതിജീവനത്തിന്റെ അവകാശം, സുരക്ഷയ്ക്കുള്ള അവകാശം എന്നീ വിഷയങ്ങളിൽ ക്ലാസുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുമെന്നും ജില്ലാ വനിതാ ശിശു ക്ഷേമ ഓഫീസർ അറിയിച്ചു.

(പിഎൻപി 351/2020)

## ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗത്തിന്റെ തെരഞ്ഞെടുപ്പ് ഇന്ന്(21)

ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗം ജെറി സാം മാത്യൂ പ്രസിഡന്റായി തെരഞ്ഞെടുത്തതിനെ തുടർന്ന് തൽസ്ഥാനം രാജിവെച്ചതിനാൽ ഇന്ന് (21) രാവിലെ 11 ന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗത്തിന്റെ തെരഞ്ഞെടുപ്പ് ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ നടക്കും.

(പിഎൻപി 352/2020)

## ജില്ലാ ആസൂത്രണ സമിതി യോഗം 23 ന്

ജില്ലാ ആസൂത്രണ സമിതി യോഗം ഈ മാസം 23 ന് ഉച്ചകഴിഞ്ഞ് 3.30 ന് ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ നടക്കുമെന്ന് ജില്ലാ കളക്ടർ പി.ബി നൂഹ് അറിയിച്ചു.

(പിഎൻപി 353/2020)

## പാമ്പാടിമൺ വൺവേ –ട്രാഫിക് റോഡിൽ താൽക്കാലിക ഗതാഗത നിരോധനം

മണ്ണാറകുളഞ്ഞി – കോഴഞ്ചേരി റോഡിൽ നിർമാണ പ്രവൃത്തികൾ പുരോഗമിക്കുന്നതിനാൽ പാമ്പാടിമൺ വൺവേ ട്രാഫിക് റോഡ് വഴിയുള്ള ഗതാഗതം ഇന്നു (21) മുതൽ താൽകാലികമായി നിരോധിച്ചു. റാന്നി ഭാഗത്തുനിന്നു വരുന്ന വാഹനങ്ങൾ പൊയ്യാനിയിൽ ജംഗ്ഷനിലേക്കുള്ള വൺ വേ റോഡ് വഴി പോകണമെന്ന് പി.ഡബ്യൂ.ഡി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.

(പിഎൻപി 354/2020)

## ജനുവരിയിലെ റേഷൻ അനുവദിച്ചു

ജനുവരി മാസം ജില്ലയിലെ റേഷൻ കാർഡുടമകൾക്ക് വിതരണം നടത്തുന്നതിനായി 2817.976 മെട്രിക് ടൺ അരിയും 415.015 മെട്രിക് ടൺ ഗോതമ്പും അനുവദിച്ചിട്ടു ്. മുൻഗണനാ വിഭാഗത്തിൽപ്പെട്ട കാർഡുകളിലെ (പിങ്ക് കാർഡ്) ഓരോ അംഗത്തിനും കി. ഗ്രാമിന് 2 രൂപാ നിരക്കിൽ 4 കി.ഗ്രാംഅരിയും 1കി.ഗ്രാം ഗോതമ്പും, എ. എ.വൈ കാർഡുകൾക്ക്(മഞ്ഞ കാർഡ്) സൗജന്യ നിരക്കിൽ കാർഡൊന്നിന് 30 കി.ഗ്രാംഅരിയും 5 കി.ഗ്രാം ഗോതമ്പും റേഷൻ കടകളിൽ നിന്ന് ഈ മാസം ലഭിക്കും. മുൻഗണനാ – ഇതര–സബ്സിഡി(എൻ.പി.എസ്) പദ്ധതിയിൽ ഉൾപ്പെട്ടവർക്ക്(നീല കാർഡ്) ഓരോ അംഗത്തിനും 4രൂപ നിരക്കിൽ 2 കി. ഗ്രാംഅരിയും 17രൂപ നിരക്കിൽ പരമാവധി 3 കി.ഗ്രാം ആട്ടയും സ്റ്റോക്കിന്റെ ലഭ്യത അനുസരിച്ചു ലഭിക്കും.

മുൻഗണനാ – ഇതര – നോൺ സബ്സിഡി(എൻ.പി.എൻ.എസ് ) വിഭാഗത്തിൽ പെട്ടവർക്ക് ( വെള്ള കാർഡ്) കാർഡൊന്നിന്10.90 രൂപാ നിരക്കിൽ 10കി.ഗ്രാംഅരിയും 17രൂപാ നിരക്കിൽ പരമാവധി 3 കി.ഗ്രാം ആട്ടയും ലഭിക്കും.വൈദ്യുതീകരിച്ച വീടുള്ള (ഇ)എല്ലാ കാർഡുടമകൾക്കും കാർഡൊന്നിന് അരലിറ്ററും, വൈദ്യുതീകരിക്കാത്ത വീടുള്ളവർക്ക്(എൻ.ഇ) കാർഡൊന്നിന്4 ലിറ്ററും മണ്ണെണ്ണ, ലിറ്ററിന് 40 രൂപാ നിരക്കിൽ ലഭിക്കും. എ.എ.വൈ കാർഡിനു മാത്രം 21രൂപാ നിരക്കിൽ ഒരു കിലോ പഞ്ചസാര വിഹിതവും ഡിസംബർ മാസത്തെ വിതരണത്തിനായി എൻ.പി.എൻ.എസ് ഉപഭോക്താക്കൾക്ക് അനുവദിച്ചിരുന്ന അരലിറ്റർ നോൺ സബ്സിഡി മണ്ണെണ്ണ വാങ്ങാൻ സാധിക്കാതിരുന്നവർക്ക് ആ വിഹിതവും 44രൂപ/ ലിറ്റർ നിരക്കിൽ ഈമാസത്തെ വിഹിതത്തിനു പുറമെ അധികമായി വാങ്ങാം.പരാതികൾ 1800 – 425 – 1550 എന്ന ടോൾഫ്രീനമ്പരിലോ ജില്ലാ സപ്ലൈ ഓഫീസിലെ 0468 2222612 എന്നനമ്പരിലോ, താലൂക്ക് സപ്ലൈ ഓഫീസുകളിലെ താഴെ പറയുന്ന നമ്പരുകളിലോ അറിയിക്കാം. റേഷൻ കടകളിൽ പ്രദർശിപ്പിച്ചിട്ടുള്ള റേഷനിംഗ് ഇൻസ്പെക്ടർമാരുടെയും/ താലൂക്ക് സപ്ലൈ ആഫീസറുടെയും സി.യു.ജി മൊബൈൽ നമ്പരുകളിലും പരാതി വിളിച്ചറിയിക്കാം.

കോഴഞ്ചേരി– 0468 2222212, കോന്നി – 0468 2246060, തിരുവല്ല – 0469 701327, അടൂര്‍ – 0473 4224856, റാന്നി –0473 5227504, മല്ലപ്പള്ളി –0469 2782374.

(പിഎന്‍പി 355/2020)

**വ്യാജമദ്യ നിയന്ത്രണം; യോഗം 24 ന്**

വ്യാജമദ്യ നിയന്ത്രണത്തിന് കാര്യക്ഷമമായുള്ള കര്‍മ്മപരിപാടികള്‍ ആവിഷ്കരിക്കുന്നതിനുള്ള സമിതിയുടെ ജില്ലാതല യോഗം ഈ മാസം 24 ന് 2.30 ന് അഡീഷണല്‍ ജില്ലാ മജിസ്ട്രേറ്റിന്റെ അധ്യക്ഷതയില്‍ ചേംബറില്‍ ചേരും.

(പിഎന്‍പി 356/2020)

**ജില്ലാ കളക്ടറുടെ അടൂര്‍ താലൂക്ക്തല അദാലത്ത് ഫെബ്രുവരി 15 ന്; അപേക്ഷകള്‍ ഫെബ്രുവരി അഞ്ച് വരെ സ്വീകരിക്കും**

ജില്ലാ കളക്ടറുടെ നേതൃത്വത്തില്‍ അടൂര്‍ താലൂക്കില്‍ പരാതി പരിഹാര അദാലത്ത് ഫെബ്രുവരി 15 ന് രാവിലെ 9.30 മുതല്‍ അടൂര്‍ റവന്യൂ ടവറിലെ ഹൗസിംഗ് ബോര്‍ഡ് കോണ്‍ഫറന്‍സ് ഹാളില്‍ നടക്കും. അദാലത്തിലേക്ക് ഫെബ്രുവരി അഞ്ച് വരെ വില്ലേജ് ഓഫീസുകളിലും താലൂക്ക് ഓഫീസിലും നേരിട്ടും ഇ–മെയില്‍ മുഖേനയും (talukofficeadoor@gmail.com) വാട്ട്സ് ആപ്പ് മുഖേനയും ( വാട്ട്സ് ആപ്പ് നമ്പര്‍ 9048318445) അപേക്ഷ സ്വീകരിക്കും. അപേക്ഷകള്‍ക്ക് പ്രത്യേക ഫാറം ഇല്ല. വെള്ളകടലാസില്‍ അപേക്ഷ എഴുതി സമര്‍പ്പിക്കാം. ഓരോ വിഷയത്തിനും പ്രത്യേകം അപേക്ഷ സമര്‍പ്പിക്കണം. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയില്‍ നിന്നുള്ള ധനസഹായം , സര്‍വെ സംബന്ധിച്ച പരാതികള്‍, റേഷന്‍ കാര്‍ഡ് സംബന്ധിച്ച പരാതികള്‍, നിയമപരമായി (സ്റ്റാറ്റിയൂട്ടറിയായി) ലഭിക്കേ പരിഹാരം എന്നിവ ഒഴിച്ചുള്ള എല്ലാ വിഷയങ്ങള്‍ക്കും അപേക്ഷ സമര്‍പ്പിക്കാം.

(പിഎന്‍പി 357/2020)




.